# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **08.08.2017 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 545**

### പാലക്കാട് - തൃശ്ശൂർ വ്യാവസായിക ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. രാജൻ. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | പാലക്കാട് - തൃശ്ശൂർ വ്യാവസായിക ഇടനാഴി പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ), (ബി) & (സി) | കൊച്ചി - പാലക്കാട് മേഖലയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT)ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന രൂപരേഖയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ വിശദപഠനം നടത്തിയ ശേഷം മാത്രമേ കേന്ദ്രസർക്കാരിന്റെ നിർദ്ദേശാടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരണവും ഇതിലേക്കാവശ്യമായ കർമ്മപദ്ധതിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ബി) | എന്തെല്ലാം മാസ്റ്റർ പദ്ധതികളാണ് ഇതിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്; | | |
| (സി) | പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്നും ഇതിലേയ്ക്കാവശ്യമായ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ